ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.09.2025**

## പ്രധാനവാർത്തകൾ

1. ദേശീയ ജിയോസയൻസ് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.

2. നെൽ കർഷകരുടെ പ്രശ്നം പഠിക്കാൻ കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ഇന്ന് പാലക്കാട് ജില്ലയിൽ.

3. അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവിന് എറണാകുളത്ത് തുടക്കം; ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും.

4. കുടുംബശ്രീയിലൂടെ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്.

5. കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ ഇന്നും നാളെയും കേരളവും തമിഴ്നാടും സന്ദർശിക്കും.

6. സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു; നാലു ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

## രാഷ്ട്രപതി

രാജ്യത്ത് വനനശീകരണവും പരിസ്ഥിതി മലിനീകരണവും തടയാൻ നിയമവ്യവസ്ഥ ശക്തമായി തുടരണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ ദേശീയ ജിയോസയൻസ് പുരസ്കാരങ്ങൾ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി.

***********************************

## മഹിളാ റോജ്ഗർ യോജന

പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിലെ മുഖ്യമന്ത്രി മഹിളാ റോജ്ഗർ യോജന ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 75 ലക്ഷം സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം നിക്ഷേപിക്കുന്നതാണ് പദ്ധതി. നവരാത്രി ഉത്സവ വേളയിൽ, രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തിയായ വനിതകൾക്ക് നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

***********************************

## ജി എസ് ടി

ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എന്ന് കേന്ദ്രസർക്കാർ. ഇതിന്റെ ഭാഗമായി നികുതി ഘടന 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ടു സ്ലാബുകളാക്കിയാണ് മാറ്റിയിരിക്കുന്നത്.

***********************************

## കേന്ദ്ര സംഘം - സന്ദർശനം

നെല്ല് സംഭരണം സംബന്ധിച്ച് കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കേന്ദ്ര സംഘം പാലക്കാട് ജില്ലയിലെ സന്ദർശനം ആരംഭിച്ചു. ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം വടവന്നൂർ പാടത്തിലെ കർഷകരുമായി സംവദിച്ചു. സംഘം കൊല്ലങ്കോട്, പൊൽപ്പുള്ളി, മലമ്പുഴ എന്നിവിടങ്ങളിലും കർഷകരെ കാണുന്നുണ്ട്.

************************************

## പരിസ്ഥിതി കോൺക്ലേവ്

അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവിന് എറണാകുളം അങ്കമാലിയിൽ തുടക്കമായി. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. മന്ത്രിമാരായ പി. രാജീവ്, എം.ബി. രാജേഷ്, വീണാ ജോർജ്, ബെന്നി ബഹനാൻ എം.പി തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

************************************

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## തിരുവനന്തപുരം - മഴ (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. തലസ്ഥാനത്തെ മഴക്കെടുതി വിലയിരുത്താൻ മന്ത്രി വി ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

***********************************

## നെടുങ്കണ്ടം - കൃഷി ഭൂമി

ശക്തമായ മഴയെ തുടർന്ന് ഇടുക്കി നെടുങ്കണ്ടം എഴുകുംവയലിൽ ഉരുൾപൊട്ടലിന് സമാനമായി കൃഷി ഭൂമി ഒലിച്ചുപോയി. മൂന്ന് ഏക്കറിൽ അധികം കൃഷിഭൂമി നശിച്ചു. എഴുകുംവയൽ കുട്ടൻകവല റോഡും അപകടാവസ്ഥയിലായി. കുറ്റിയാനിയിൽ സണ്ണി, ചെമ്മരപള്ളി അനീഷ് എന്നിവരുടെ കൃഷിഭൂമിയാണ് ഒലിച്ചുപോയത്.

RNU TVPM

***********************************

## ഡാം തുറന്നു

തിരുവനന്തപുരം അരുവിക്കര ഡാമിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഷട്ടറുകൾ ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പ്രതികൂല കാലാവസ്ഥ കാരണം മങ്കയം ഇക്കോ ടൂറിസം കേന്ദ്രം അടച്ചു.

പത്തനംതിട്ട അച്ചൻകോവിൽ നദിയിൽ ജലനിരപ്പുയരുന്നു. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കണമെന്നും മുന്നറിയിപ്പ് നൽകി.

***********************************

## താക്കോൽ കൈമാറ്റം മന്ത്രി ബിന്ദു

ജൂലൈ 3ന് ഉണ്ടായ കോട്ടയം മെഡിക്കൽ കോളേജ് അപകടത്തിൽ മരിച്ച തലയോലപ്പറമ്പ് സ്വദേശി ബിന്ദുവിന്റെ കുടുംബത്തിന് നാഷണൽ സർവീസ് സ്കീം നവീകരിച്ച് നൽകുന്ന വീടിന്റെ താക്കോൽ കൈമാറ്റം മന്ത്രി ആർ ബിന്ദു ഇന്ന് നിർവഹിക്കും. ചടങ്ങിൽ മന്ത്രി വി എൻ വാസവൻ, സി കെ ആശ എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

***********************************

RNU TVPM

## ഐ എസ് ഒ നിലവാരം - എം ബി രാജേഷ്

കുടുംബശ്രീയിലൂടെ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്. കുടുംബശ്രീ സി.ഡി.എസുകൾ ഐ എസ് ഒ നിലവാരത്തിലേക്ക് ഉയർത്തിയതിന്റെ സംസ്ഥാനതല പ്രഖ്യാപനം കൊല്ലത്ത് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. 617 സി.ഡി.എസുകൾക്കാണ് പ്രവർത്തന മികവിൽ ഐഎസ്ഒ അംഗീകാരം ലഭിച്ചത്.

***********************************

## എൽ മുരുഗൻ

കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ ഇന്നും നാളെയും കേരളവും തമിഴ്നാടും സന്ദർശിക്കും. നാളെ കൊല്ലത്ത് അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ അമൃത വർഷം പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. രാത്രി ചെന്നൈയിലെത്തുന്ന കേന്ദ്ര സഹമന്ത്രി വിവിധ പരിപാടികളിൽ പങ്കെടുക്കും.

***********************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാം പതിപ്പ് ഞായറാഴ്ച രാവിലെ 11 മണിക്ക്. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി ഇന്ന് അവസാനിക്കും.

RNU TVPM

***********************************

## മൻ മോഹൻ സിംഗ് സ്മരണാഞ്ജലി

മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്മരണാഞ്ജലി അർപ്പിച്ചു. രാഷ്ട്രനിർമ്മാണത്തിനായി അദ്ദേഹം നൽകിയ സംഭാവനകളെ അനുസ്മരിക്കുന്നതായി ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

***********************************

## സേവ പർവ് - ഇ ഗവേണൻസ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി, കേന്ദ്ര സർക്കാർ ഇ-ഗവേണൻസ് ആവാസവ്യവസ്ഥയുടെ ഉത്തേജനത്തിനായി നടപ്പാക്കുന്ന വിവിധ നടപടികളെ

കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(ഹോൾഡ്)

*(മ്യൂസിക്)*

*പൊതുസേവനങ്ങൾ മുതൽ സാമ്പത്തിക ശാക്തീകരണം വരെ, ഇന്ത്യയുടെ ഇ-ഗവേണൻസ് സംവിധാനം ജനജീവിതം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് രൂപപ്പെടുത്തിയവയാണ്. ഇ-ഗവേണൻസ് ലളിതവും ഫലപ്രദവും പരിസ്ഥിതി സൗഹൃദവുമായ ഭരണ സംവിധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

*(പിഎം വോയിസ്.....)*

*(മ്യൂസിക്)*

RNU TVPM

************************************

**അനൗൺസ്മെന്റ്**

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ചാ പരമ്പരയിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള ചർച്ച രണ്ട് ഭാഗങ്ങളായി ശനി, ഞായർ ദിവസങ്ങളിൽ ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ഐ സി എ ആർ- സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

************************************

**ഏഷ്യാ കപ്പ്**

ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിലെ അവസാന മത്സരത്തിൽ, ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. രാത്രി 8 മണിക്ക് ദുബായിലാണ് മത്സരം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ പാകിസ്ഥാനാണ് ഇന്ത്യയുടെ എതിരാളി. ബംഗ്ലാദേശിനെ 11 റൺസിന് പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ഫൈനലിൽ എത്തിയത്.

************************************

**സുബ്രതോ കപ്പ് ഫുട്ബോൾ**

64 വർഷം നീണ്ട കാത്തിരിപ്പിന് വിരാമമിട്ട്, കേരളം ഇതാദ്യമായി സുബ്രതോ കപ്പ് ഇന്റർനാഷണൽ ഫുട്ബോൾ ടൂർണമെന്റ് കിരീടം സ്വന്തമാക്കി. കോഴിക്കോട് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളാണ് കേരളത്തിന് വേണ്ടി കന്നിക്കിരീടം നേടിയത്.

RNU TVPM

************************************

**മുണ്ടിനീര് - ആലപ്പുഴ (ഇൻട്രോ)**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, കുട്ടികൾക്കിടയിൽ മുണ്ടിനീര് പടർന്നു പിടിക്കുന്നു. തൃക്കുന്നപ്പുഴയിൽ അഞ്ച് സ്കൂളുകൾ കൂടി അടച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

(വോയിസ്)

************************************

**സൈബർ തട്ടിപ്പ് - യോഗം**

സംസ്ഥാനത്തെ സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ പോലീസ് ആസ്ഥാനങ്ങളിലും പോലീസിന്റെയും ബാങ്ക് മാനേജർമാരുടേയും സംയുക്ത യോഗം നാളെ നടക്കും. മ്യൂൾ അക്കൗണ്ടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംശയാസ്പദമായ അക്കൗണ്ടുകൾ, ATM വഴിയുള്ള പണം പിൻവലിക്കൽ, ഡിജിറ്റൽ അറസ്റ്റ് തുടങ്ങിയവ യോഗം ചർച്ച ചെയ്യും.

************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 413 പോയിന്റ് ഇടിഞ്ഞ് 80,746 ലും, നിഫ്റ്റി 132 പോയിന്റ് ഇടിഞ്ഞ് 24,759 ലും വ്യാപാരം തുടരുന്നു. സ്വർണവില വീണ്ടും ഉയർന്നു. പവന് 320 രൂപ വർദ്ധിച്ച് 84,240 രൂപയും ഗ്രാമിന് 10,530 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

************************************

## സ്വച്ഛത ഹി സേവ - മലപ്പുറം

സ്വച്ഛത ഹി സേവ ക്യാംപയിനിന്റെ ഭാഗമായി മലപ്പുറത്ത് ശുചിത്വോത്സവം ജനകീയ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനം കെ.ടി. ജലീൽ എം.എൽ.എ. നിർവഹിച്ചു. മണ്ഡലകാലത്ത് ഭക്തജനങ്ങളുടെ പ്രധാന ഇടത്താവളമായ തവനൂരിലെ മിനി പമ്പയും പരിസരവും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശുചീകരിച്ചു.